പതിനഞ്ചാം കേരള നിയമസഭ

സ്ത്രീകളുടെയും ട്രാൻസ്ജെന്റർകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി
(2023-2026)

# ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ ക്രഷ്,ഡേകെയർ സെന്റർ, പ്രീ-സ്കൂൾ, കിന്റർഗാർട്ടൻ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് ]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി
## (2023-2026)

## ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

**(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[ക്രഷ്,ഡേകെയർ സെന്റർ, പ്രീ-സ്കൂൾ, കിന്റർഗാർട്ടൻ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് ]**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

ചെയർപേഴ്സൺ :

ശ്രീമതി യു. പ്രതിഭ

അംഗങ്ങൾ :

ശ്രീമതി ഒ.എസ്. അംബിക

ശ്രീമതി സി.കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല*

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി.

* 2025 നവംബർ മാസം 29-ാം തീയതി അന്തരിച്ചു.

# ആമുഖം

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതി(2023-26)യുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കുട്ടികളുടെ ഭാവി ജീവിതത്തിന്റെ അടിത്തറ നിർണ്ണയിക്കപ്പെടുന്നത് പലപ്പോഴും ശൈശവ കാലഘട്ടത്തിലാണ്. സമീപകാലത്ത്, സംസ്ഥാനത്തെ ശിശുപരിപാലന കേന്ദ്രങ്ങളിൽ കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിൽ ഗുരുതരമായ വീഴ്ചകൾ സംഭവിക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അതിനാൽ ക്രഷ്, ഡേ കെയർ സെന്റർ, പ്രീ- സ്കൂളുകൾ, കിന്റർഗാർട്ടൻ എന്നിവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കേണ്ടത് അനിവാര്യമാണെന്ന് നിരീക്ഷിക്കുകയും ഇത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിനും സമിതി തീരുമാനിക്കുകയുമുണ്ടായി. സ്വകാര്യ മേഖലയിൽ അടക്കം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്രഷ്, ഡേ കെയർ സെന്റർ, പ്രീ-സ്കൂൾ, കിന്റർഗാർട്ടൻ എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള പഠനത്തിന്റെയും വിവര ശേഖരണത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ജനുവരി 29-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**യു. പ്രതിഭ,**
*ചെയർപേഴ്സൺ,*
*സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും*
*കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും*
*ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 3.

**<u>റിപ്പോർട്ട്</u>**

അണുകുടുംബങ്ങളുടെ ആവിർഭാവവും കുഞ്ഞുങ്ങൾക്ക് മെച്ചപ്പെട്ട വളർച്ച / പഠന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന രക്ഷിതാക്കളുടെ തീവ്രമായ അഭിലാഷവും അതിലേക്ക് മാതാപിതാക്കൾ തൊഴിലെടുക്കുകയും കഠിനമായി പ്രയത്നിക്കുകയും ചെയ്യുന്ന കാലത്താണ് ഇന്ന് നാം ജീവിക്കുന്നത്. Enhancement of women work participation ലോകത്താകമാനം ഒരു നയമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ രക്ഷിതാക്കൾക്ക് പകൽ സമയങ്ങളിൽ തൊഴിലിടങ്ങളിൽ കൂടുതൽ സമയം ചെലവിടേണ്ടി വരുന്നത് മൂലം കുഞ്ഞുങ്ങളെ വളരെ ചെറു പ്രായത്തിൽതന്നെ ഡേ കെയർ സെന്ററുകളിലേക്കും പ്രീ-സ്കൂളുകളിലേക്കും അയയ്ക്കുന്ന പ്രവണത രക്ഷിതാക്കളിൽ വർദ്ധിച്ചു വരികയാണ്. ആയതുകൊണ്ടുതന്നെ ശിശുപരിപാലന കേന്ദ്രങ്ങളുടെ എണ്ണവും കേരളത്തിൽ ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യമാണുള്ളത്. ശൈശവകാലത്ത് ലഭിക്കുന്ന അനുഭവങ്ങളാണ് ഭാവി ജീവിതത്തിന്റെ പ്രധാന ഈടുവയ്പെന്ന് മനസ്സിലാക്കിയ ആധുനിക സമൂഹം ശൈശവകാല പരിചരണത്തിന്റെ വികാസത്തിനും പ്രത്യേകമായ പരിഗണന നൽകി വരുന്നു. പിഞ്ചുകുഞ്ഞുങ്ങൾക്ക് തങ്ങളുടെ ശൈശവത്തിന്റെ ഏറിയ പങ്കും ഇത്തരം പരിചരണ കേന്ദ്രങ്ങളിൽ കഴിയേണ്ടി വരുന്ന സാഹചര്യത്തിൽ ശിശുപരിപാലന കേന്ദ്രങ്ങൾ കൂടുതൽ സാമൂഹ്യശ്രദ്ധയും പ്രതിബദ്ധതയും ആവശ്യമുള്ള ഒരു മേഖലയായി തീർന്നിരിക്കുന്നു. ആയതിനാൽ ശാസ്ത്രീയമായ ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും പിൽക്കാലത്ത് കുട്ടിയുടെ സമ്പൂർണ്ണ വികാസത്തിന് അടിത്തറ പാകുമെന്നതിനാൽ ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമായി പരിഗണിക്കേണ്ടിയിരിക്കുന്നു. അതിനാൽ കുട്ടികളുടെ സമഗ്രമായ ശാരീരിക മാനസിക വളർച്ച ഉറപ്പാക്കുന്നതിനുള്ള സൗകര്യങ്ങളും രീതികളും ഇത്തരം ശിശുപരിപാലന കേന്ദ്രങ്ങളിൽ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

**2)** കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നും അണുകുടുംബങ്ങളിലേക്ക് കേരള സമൂഹം മാറിയപ്പോൾ സമപ്രായക്കാരുമായും മുതിർന്നവരുമായും ഇടപെഴകാൻ കുട്ടികൾക്ക്

കിട്ടിയിരുന്ന അവസരങ്ങൾ നഷ്ടപ്പെടുകയും പകരം കൂടുതൽ ഡിജിറ്റൽ സങ്കേതങ്ങൾ വഴിയുള്ള യാന്ത്രിക അനുഭവങ്ങൾ കുട്ടികളിലേയ്ക്ക് സംവേദിക്കപ്പെടുകയും ചെയ്യുന്നു. ഇത് കുട്ടികളുടെ ശാരീരിക ചാലക വികാസം, ഭാഷാ വൈജ്ഞാനിക വികാസം, സാമൂഹിക വൈകാരിക വികാസം, സർഗ്ഗാത്മക വികാസം എന്നിവയ്ക്ക് ജൈവിക അനുഭവങ്ങളുടെ കുറവ് സൃഷ്ടിക്കുന്നു.അതിനാൽ ശാസ്ത്രീയമായ ശൈശവപരിരക്ഷയും സമഗ്ര വികാസത്തിനുതകുന്ന പ്രീ-സ്കൂൾ വിദ്യാഭ്യാസവും കുട്ടികൾക്ക് ഇത്തരം പരിപാലന കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയേ മതിയാകൂ.

**3)** സമീപകാലത്ത് സംസ്ഥാനത്തെ ശിശുപരിപാലന കേന്ദ്രങ്ങളിൽ കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിൽ ഗുരുതരമായ വീഴ്ചകൾ സംഭവിച്ചതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഡേ കെയർ സെന്ററുകൾ, പ്രീ സ്കൂളുകൾ, കിന്റർ ഗാർട്ടനുകൾ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനും ഒരു സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനും സമിതി തീരുമാനിക്കുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെയും വിവര ശേഖരണത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

**4)** സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി ചോദ്യാവലി തയ്യാറാക്കി വനിതാ ശിശുവികസനം, തദ്ദേശസ്വയംഭരണം, പൊതുവിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകൾക്ക് റിപ്പോർട്ടിനായി അയച്ചു കൊടുത്തിരുന്നുവെങ്കിലും ആരോഗ്യകുടുംബക്ഷേമം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ നിന്നും നാളിതുവരെ സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.

**5)** വനിതാ ശിശുവികസനം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ സമിതിക്ക് ലഭ്യമാക്കിയ റിപ്പോർട്ടുകൾ പരിഗണിച്ചതിൽ നിന്നും ക്രഷ്, ഡേ കെയർ സെന്ററുകൾ, പ്രീ-സ്കൂളുകൾ, കിന്റർഗാർട്ടനുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങളിൽ സർക്കാരിന്റെ ഏതെങ്കിലും വകുപ്പിന് വ്യക്തമായ നിയന്ത്രണങ്ങൾ ഇല്ല എന്ന് സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. എന്നാൽ സമിതിക്ക് ലഭിച്ച റിപ്പോർട്ടുകളിൽ നിന്നും പരാതികളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ നടത്തിയ വിവര ശേഖരണത്തിൽ

നിന്നും റിപ്പോർട്ട് വിഷയത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

**6)** സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി വനിതകളുടെ തൊഴിൽ സാഹചര്യം അഭിവൃദ്ധിപ്പെട്ടതിനെ തുടർന്ന് 6 മാസം മുതൽ 6 വയസ്സുവരെ പ്രായം ചെന്ന കുട്ടികൾക്ക് ശൈശവ പൂർവ്വകാല പരിചരണവും വിദ്യാഭ്യാസവും ഉറപ്പുവരുത്തുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് നാഷണൽ ക്രഷ് സ്കീം. നാഷണൽ ക്രഷ് സ്കീം പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്രഷുകളെ കേന്ദ്രസർക്കാർ നിർദ്ദേശ പ്രകാരം 01.01.2017 മുതൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും ക്രഷുകൾക്ക് കേന്ദ്രസർക്കാർ 60% -ഉം സംസ്ഥാന സർക്കാർ 30%-ഉം എൻ.ജി.ഒ.കൾ 10%-ഉം എന്ന അനുപാതത്തിൽ ഗ്രാന്റും നൽകി വരുന്നു. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മിഷൻ ശക്തി മാർഗ്ഗ നിർദ്ദേശം അനുസരിച്ച് ഈ സ്കീമിന്റെ പേര് പാൽന (PALNA) എന്നാക്കുകയും ഗ്രാന്റിന്റെ അനുപാതം 60:40 (കേന്ദ്രം:സംസ്ഥാനം) എന്നാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ക്രഷ് കേന്ദ്രങ്ങളിലൂടെ 6 മാസം മുതൽ 6 വയസ് വരെ പ്രായമുള്ള കുട്ടികൾക്ക് ആവശ്യമായ പരിപാലനം നൽകി അമ്മമാരുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക എന്നതാണ് പാൽന പദ്ധതിയുടെ ലക്ഷ്യം. പാൽന സ്കീമിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്ന ക്രഷുകൾ എല്ലാം തന്നെ 2024-25 വർഷത്തോടെ പ്രവർത്തനം നിർത്തുകയോ അംഗനവാടികളുമായി സംയോജിപ്പിച്ച് അംഗൻവാടി-കം-ക്രഷ് പദ്ധതി നടപ്പിലാക്കുകയോ ചെയ്യണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം പരിഗണിച്ചും അംഗനവാടി കം ക്രഷ് പദ്ധതി സംസ്ഥാനത്തുടനീളം നടപ്പാക്കി വരുന്നതായി സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിച്ചു വരുന്ന ഇത്തരം അംഗനവാടി കം ക്രഷുകളിൽ ശൈശവ പരിരക്ഷ, ശൈശവ വിദ്യാഭ്യാസം എന്നിവ മെച്ചപ്പെടുത്തുന്നതിനും വിവിധ കേന്ദ്ര പ്രോജക്ടുകൾ മുഖാന്തരം ലഭ്യമാകുന്ന ധനസഹായം കൃത്യമായും ശാസ്ത്രീയമായും ഏകോപിക്കപ്പെടുന്നതിനും വനിതാ ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ഏകോപന സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**7)** കേന്ദ്രാവിഷ്കൃത പദ്ധതിയായ പാൽന സ്കീമിന്റെ ഭാഗമായി സംസ്ഥാനത്ത് 504 അംഗനവാടി ക്രഷുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകുകയും

അതിൽ 304 എണ്ണം ആദ്യ ഘട്ടത്തിൽ ആരംഭിക്കുന്നതിനുള്ള കേന്ദ്ര സംസ്ഥാന സർക്കാർ ഫണ്ട് ലഭ്യമാക്കുകയും ചെയ്തെങ്കിലും നാളിതുവരെ 190 അംഗനവാടി കം ക്രഷുകൾ മാത്രമേ പ്രവർത്തന സജ്ജമായിട്ടുള്ളൂ. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും കുഞ്ഞുങ്ങൾക്ക് അവകാശപ്പെട്ട മെച്ചപ്പെട്ട ശിശുസംരക്ഷണം ഉറപ്പുവരുത്തുന്നതിനും കുഞ്ഞുങ്ങളുടെ സംരക്ഷണത്തെക്കുറിച്ചുള്ള ആശങ്ക ഇല്ലാതെ തന്നെ അസംഘടിത മേഖലയിലടക്കം ജോലി ചെയ്യുന്ന രക്ഷകർത്താക്കൾക്ക് വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെടുത്തുന്നതിന് സഹായകരമാകുംവിധത്തിലാണ് അംഗനവാടി കം-ക്രഷുകളുടെ പ്രവർത്തന സമയം രാവിലെ 7.30 മുതൽ വൈകുന്നേരം 7 മണിവരെ ക്രമീകരിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതിയുടെ രണ്ടാംഘട്ട പ്രകാരം അനുവദിക്കപ്പെട്ട ബാക്കിയുള്ള അങ്കണവാടി കം ക്രഷുകളുടെ പ്രവർത്തനം കൂടി ആരംഭിക്കുന്നതിന് സർക്കാർതലത്തിൽ നടപടി സ്വീകരിക്കണമെന്നും അംഗനവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം ആയതിനനുസരിച്ച് വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**8)** ഗ്രാമപഞ്ചായത്തുകളുടെ അധികാര പരിധിയിൽപ്പെടുന്ന അംഗനവാടികളുടെ പ്രവർത്തനം സംബന്ധിച്ച് പരാതികൾ കൈകാര്യം ചെയ്യുന്നതിനായുള്ള അംഗനവാടി വെൽഫെയർ കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വനിതാശിശു വികസന വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**9)** സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കപ്പെട്ടതോടെ ശൈശവ കാല പരിചരണവും വിദ്യാഭ്യാസവും ഗ്രാമപഞ്ചായത്തുകളുടെ/ നഗരസഭകളുടെ അധികാര പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ശിശു പരിപാലന കേന്ദ്രങ്ങൾക്കും അർഹിക്കുന്ന പിന്തുണയും മേൽനോട്ടവും ഏകോപനവും നടത്തുവാൻ ഈ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ലെന്നുള്ളത് സമിതി മനസ്സിലാക്കുന്നു. മാത്രമല്ല സ്വകാര്യ മേഖലയിലെ പ്രീ-സ്കൂൾ വിദ്യാഭ്യാസ തലത്തിൽ അക്കാദമികമായ

ഇടപെടൽ വേണ്ടത്ര ഫലപ്രദമാകുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന ശിശുപരിപാലന കേന്ദ്രങ്ങളും പ്രീ-സ്കൂളുകളും സമഗ്രമായ വികസനത്തിലേക്ക് നയിക്കുവാൻ വനിതശിശുവികസനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനം കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**10)** തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ലൈസൻസ് ലഭിച്ച് നഗരസഭ പരിധിയിൽ പ്രവർത്തിച്ചു വരുന്ന സർക്കാർ മേഖലയിൽ ഉൾപ്പെടെ ഡേ കെയർ സെന്റർ, പ്രീ-സ്കൂൾ, കിന്റർ ഗാർട്ടൻ എന്നിവയുടെ എണ്ണം യഥാക്രമം 399, 3501, 361 എന്നിവയുമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇവയിൽ ഭൂരിഭാഗവും സ്വകാര്യമേഖലയിലാണ് എന്നത് സമിതിയ്ക്ക് ബോധ്യപ്പെട്ട വസ്തുതയാണ്. ഡേ കെയർ സെന്ററുകൾ സ്ഥാപിക്കുന്നത് ഒരു ബിസിനസ്സ് സംരംഭമായി കാണുന്ന പ്രവണതയിൽ നിന്നാണ് സ്വകാര്യ മേഖലയിൽ ഇത്തരം സെന്ററുകളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണമാകുന്നത്. എന്നാൽ ഇവയുടെ പ്രവർത്തനം സംബന്ധിച്ച് നിയന്ത്രണം അനിവാര്യമാണെന്ന് സമിതി മനസിലാക്കുന്നു. കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് 1-ാംഉപവകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളുടെ അടിസ്ഥാനത്തിൽ പ്രീപ്രൈമറി സ്കൂളുകളും അംഗൻവാടികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും രജിസ്ട്രേഷനും ലൈസൻസും അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ നിലവിലില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ പഞ്ചായത്ത് രാജ് നിയമത്തിലോ, മുനിസിപ്പാലിറ്റി നിയമത്തിലോ ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമം സംബന്ധിച്ചോ, എപ്രകാരം പ്രവർത്തിക്കണമെന്നത് സംബന്ധിച്ചോ നിലവിൽ വ്യവസ്ഥയില്ലെന്നും സമിതി മനസ്സിലാക്കുന്നു.

**11)** സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഡേ കെയർ സെന്ററുകൾ, പ്രീ-സ്കൂളുകൾ, കിന്റർ ഗാർട്ടൻ എന്നിവയുടെ പ്രവർത്തനത്തിലെ പോരായ്മകൾ സംബന്ധിച്ച പരാതികൾ

പരിശോധിക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ ഇല്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സ്വകാര്യമേഖലയിലെ ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുന്നതിന് സംസ്ഥാന തല മോണിറ്ററിംഗ് സമിതിയും പഞ്ചായത്ത്/ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ഒരു ഉന്നതതല സമിതിയും ബന്ധപ്പെട്ട വകുപ്പുകൾ ചേർന്ന് രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**12)** ജനനം മുതൽ പ്രാഥമിക വിദ്യാഭ്യാസം ആരംഭിക്കുന്നത് വരെയുള്ള കുട്ടികളുടെ പരിചരണവും വിദ്യാഭ്യാസവും സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച National Early Childhood Care and Education (ECCE) Policy യിൽ ആദ്യകാല ബാല്യകാല വിദ്യാഭ്യാസ വികസനം (ECED) ഉൾപ്പെടുന്നു. ഈ പോളിസി പ്രകാരം പൊതുമേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന എല്ലാ പ്രീ സ്കൂളുകൾക്കും പൊതുമാനദണ്ഡങ്ങൾ ബാധകമാക്കിയിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങളിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

*നാഷണൽ ഏർലി ചൈൽഡ്ഹുഡ് കെയർ ആൻഡ് എജ്യുക്കേഷൻ (ECCE) പോളിസി പ്രകാരം, ഗുണനിലവാരമുള്ള പ്രീ-സ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സർക്കാർ ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. പൊതുമേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന എല്ലാ പ്രീ-സ്കൂളുകൾക്കും ഈ മാനദണ്ഡങ്ങൾ ബാധകമാണ്. സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രധാന മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്:*

***i) പ്രോഗ്രാം ദൈർഘ്യം:*** *ഒരു പ്രീ-സ്കൂൾ പ്രോഗ്രാമിന് 3 മുതൽ 4 മണിക്കൂർ വരെ ദൈർഘ്യം ഉണ്ടായിരിക്കണം.*

***ii) സ്ഥലസൗകര്യം:*** *30 കുട്ടികൾ അടങ്ങുന്ന ഒരു ഗ്രൂപ്പിന് കുറഞ്ഞത് 35 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു ക്ലാസ് മുറിയും, ഓടിക്കളിക്കാൻ 300 ചതുരശ്ര മീറ്റർ ഔട്ട്ഡോർ സ്ഥലവും ലഭ്യമായിരിക്കണം.*

***iii) അധ്യാപക-കുട്ടി അനുപാതം:*** *3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് 1:20 എന്ന അനുപാതത്തിലും 3 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് 1:10 എന്ന അനുപാതത്തിലും അധ്യാപകർ/പരിചാരകർ ഉണ്ടായിരിക്കണം. കുട്ടികൾ ഒരു കാരണവശാലും ശ്രദ്ധയിൽപ്പെടാതെ പോകരുത്.*

***iv) പരിശീലനം ലഭിച്ച ജീവനക്കാർ:*** *പ്രീ-സ്കൂളുകളിൽ മതിയായ പരിശീലനം ലഭിച്ച സ്റ്റാഫ്*

*ഉണ്ടായിരിക്കണം.*

***v) പഠനരീതിയും ഭാഷയും:*** *കുട്ടികളുടെ പ്രായത്തിന് അനുയോജ്യമായതും കേന്ദ്രീകൃതവുമായ പാഠ്യപദ്ധതി ആയിരിക്കണം പിന്തുടരേണ്ടത്. ആശയവിനിമയത്തിനായി മാതൃഭാഷയോ പ്രാദേശിക ഭാഷയോ ഉപയോഗിക്കണം.*

***vi) ഭൗതിക സൗകര്യങ്ങൾ:*** *സുരക്ഷിതവും എളുപ്പത്തിൽ എത്തിച്ചേരാവുന്നതും വൃത്തിയുള്ളതുമായ കെട്ടിടം.*

***vii) ശുദ്ധമായ കുടിവെള്ളം,*** *പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റുകൾ, കൈ കഴുകാനുള്ള സൗകര്യങ്ങൾ എന്നിവ ഉണ്ടായിരിക്കണം. കുട്ടികൾക്ക് പോഷകസമൃദ്ധമായ ഭക്ഷണം പാകം ചെയ്യാനും വിശ്രമിക്കാനും (Nap time) പ്രത്യേക സ്ഥലങ്ങൾ ഉണ്ടായിരിക്കണം.*

***viii) സുരക്ഷയും ആരോഗ്യവും:*** *പ്രഥമശുശ്രൂഷയ്ക്കുള്ള സൗകര്യങ്ങൾ (Medical Kit) കേന്ദ്രത്തിൽ എപ്പോഴും ലഭ്യമായിരിക്കണം. കൂടാതെ, പ്രീ-സ്കൂൾ പ്രവേശനത്തിനായി കുട്ടികൾക്ക് യാതൊരുവിധ പ്രവേശന പരീക്ഷകളോ (ലിഖിതമോ, വാക്കാലുള്ളതോ) അഭിമുഖങ്ങളോ നടത്താൻ പാടില്ല.*

***iX) പഠനോപകരണങ്ങൾ:*** *കുട്ടികളുടെ വികാസത്തിന് അനുയോജ്യമായ കളിപ്പാട്ടങ്ങളും പഠന സാമഗ്രികളും ലഭ്യമാക്കണം. നാടൻ പാട്ടുകൾ, കഥകൾ, പ്രാദേശിക കളിപ്പാട്ടങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.*

*ഈ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു നിശ്ചിത നിരീക്ഷണ സംവിധാനവും (Monitoring Framework) സർക്കാർ വിഭാവനം ചെയ്യുന്നു. ഇതിനായി ദേശീയ തലത്തിൽ ഒരു നാഷണൽ ECCE കൗൺസിൽ രൂപീകരിക്കാനും പോളിസി നിർദ്ദേശിക്കുന്നു.*

**13)** സംസ്ഥാനത്ത് പൊതുമേഖലയിലും സ്വാകാര്യ മേഖലയിലും ക്രഷുകൾ ഉൾപ്പെടെയുള്ള പ്രീ-സ്കൂളുകൾ ആരംഭിക്കുന്നതിനും പ്രവർത്തിക്കുന്നതിനും National Early Childhood Care and Education (ECCE) പോളിസി സംസ്ഥാനത്ത് ബാധകമാക്കണമെന്നും അതിനാവശ്യമായതും നിയമപരമായി നിലനിൽക്കുന്നതുമായ മാർഗ്ഗനിർദേശങ്ങൾ

പുറപ്പെടുവിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**14)** പ്രസ്തുത മാർഗ്ഗനിർദേശങ്ങൾ പാലിക്കുന്ന ക്രഷുകൾ ഉൾപ്പെടെയുള്ള പ്രീസ്കൂളുകൾക്കു മാത്രമേ രജിസ്ട്രേഷനും പ്രവർത്തനാനുമതിയും നൽകാവൂ എന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു. കൂടാതെ ഈ സ്ഥാപനങ്ങളിൽ രക്ഷാകർത്താക്കൾക്കു പ്രാപ്യമാകുന്ന തരത്തിലുള്ള സി.സി.ടി.വി നിരീക്ഷണ സംവിധാനം കൂടി എർപ്പെടുത്തണമെന്ന വ്യവസ്ഥയിൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ക്രഷുകൾ ഉൾപ്പെടെയുള്ള പ്രീസ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും പരാതികൾ പരിശോധിക്കുന്നതിനും ഒരു നിരീക്ഷണ സംവിധാനം സംസ്ഥാനതലത്തിൽ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**15)**കുട്ടികളിൽ ആരോഗ്യകരമായ ശീലവും ജീവിതശൈലിയും പ്രോത്സാഹിപ്പിക്കുന്നതിൽ ബാല്യകാല അധ്യാപകർക്ക് നിർണ്ണായക പങ്കുണ്ട്. ഇക്കാലത്ത് ഭൂരിപക്ഷ സ്ഥാപനങ്ങളും കുട്ടികളുടെ മാനസിക ശാരീരിക ഉയർച്ചയേക്കാൾ അക്കാദമിക് വിദ്യാഭ്യാസം നൽകുന്നതിനാണ് മുൻഗണന നൽകുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ ശരിയായ പരിശീലനം ലഭിച്ച അധ്യാപകരുടെയും പരിപാലകരുടെയും സാന്നിദ്ധ്യം ഇത്തരം സെന്ററുകളിൽ ആവശ്യമാണ്. ആയതിനാൽ ഡേ കെയർ, പ്രീ-സ്കൂൾ, കിന്റർ ഗാർട്ടൻ എന്നിവയുടെ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഇത്തരം അധ്യാപകരുടെയും പരിപാലകരുടെയും യോഗ്യതകൂടി ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**16)** സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വരുന്ന ക്രഷുകൾ ഉൾപ്പെടെയുള്ള ചില പ്രീ-സ്കൂളുകളിൽ കച്ചവട താൽപര്യങ്ങൾക്കനുസൃതമായി വികസിപ്പിക്കുന്ന പഠനോപാധികൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള വസ്തുതയാണ്. അവ പൂർണ്ണമായും ഒഴിവാക്കി സ്വാഭാവികമായ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സഹായകരമായ പഠനോപാധികൾ പ്രോത്സാഹിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**17)**ഒന്നാം ക്ലാസ്സിലെത്തുന്നതിന് മുമ്പ് കുട്ടികൾ എൽ.കെ.ജി, യു.കെ.ജി പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിനായി പോകുന്നത് ക്രഷുകൾ, ഡേകെയർ, കിന്റർ ഗാർട്ടൻ, അംഗൻവാടി

എന്നിവിടങ്ങളിലാണ്. പഠന മാധ്യമങ്ങൾ അടക്കമുള്ള കാര്യങ്ങളിൽ അന്തരം നിലനിൽക്കുന്ന ഇത്തരം പരിപാലന കേന്ദ്രങ്ങളിൽ നിന്നും വികാസപരമായി വ്യത്യസ്ത തലങ്ങളിലുള്ള കുട്ടികളെയാണ് വാർത്തെടുക്കുന്നത്. ഔപചാരിക വിദ്യാഭ്യാസത്തിന്റെ തുടക്കം എന്ന നിലയിൽ ഒന്നാം ക്ലാസ്സിലെത്തുന്ന കുട്ടികൾക്ക് വികാസപരമായി ലഭിക്കേണ്ട ഒരു പൊതുതലം ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സംസ്ഥാനമൊട്ടാകെയുള്ള ക്രഷുകൾ ഉൾപ്പെടെയുള്ള പ്രീ-സ്കൂളുകളിൽ ഏകീകൃതവും ശാസ്ത്രീയവുമായ പാഠ്യ പദ്ധതി വനിതാ ശിശുവികസനം, പൊതു വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി ചേർന്ന് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**18)** സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ഭൂരിപക്ഷം ക്രഷുകളുടെയും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കേണ്ടത് ഒരു വിഷയമായി നിലനിൽക്കുന്നുണ്ട്. ഇത്തരം ക്രഷുകളിൽ National Early Childhood Care and Education (ECCE) പോളിസിയിലെ ഭൗതിക സൗകര്യങ്ങളെക്കുറിച്ചുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് വനിതാ ശിശുവികസന വകുപ്പ് ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**19)** ജീവനക്കാരുള്ള തൊഴിലിടങ്ങളിൽ പ്രസ്തുത ജീവനക്കാരുടെ കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിനായി ക്രഷുകൾ ആരംഭിക്കണമെന്ന് അനുശാസിക്കുന്നു. കൂടാതെ പ്രസവാവധി കഴിഞ്ഞു വരുന്ന സ്ത്രീകൾക്ക് സാധാരണ വിശ്രമ വേളകൾക്ക് പുറമേ കുഞ്ഞിന് പതിനഞ്ച് മാസം ആകുന്നതുവരെ രണ്ട് നഴ്സിംഗ് ബ്രേക്ക് നൽകണമെന്നും പ്രസ്തുത നിയമത്തിന്റെ (11 (a) വകുപ്പിൽ) പറയുന്നു. കൂടാതെ കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് റൂൾസിന്റെ 2015 സെപ്റ്റംബറിലെ ഭേദഗതി പ്രകാരം ഇരുപതോ അതിൽ കൂടുതലോ സ്ത്രീ ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ അവരുടെ ആറു വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്ക് സൗജന്യ ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മാതൃ-ശിശു ബന്ധത്തിന്റെ ഊഷ്മളത നിലനിർത്തികൊണ്ട് കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വികാസത്തിന് ആവശ്യമായ അന്തരീക്ഷവും സംവിധാനവും പ്രദാനം ചെയ്തുകൊണ്ടുള്ള ശിശുപരിപാലന കേന്ദ്രങ്ങളാണ് എല്ലാ

തൊഴിലിടങ്ങളിലും പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

***20)*** സംഘടിത/അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ ആറ് വയസുവരെ പ്രായമുള്ള കുട്ടികളെ പകൽ സമയങ്ങളിൽ സുരക്ഷിതരായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് നാഷണൽ ക്രഷ് സ്കീം. നാഷണൽ ക്രഷ് സ്കീം പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും പ്രവർത്തനം നിർത്തലാക്കിയതുമായ ക്രഷുകളെ സർക്കാർ കെട്ടിട സമുച്ചയം സ്ഥിതി ചെയ്യുന്നിടത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം റീഷിഫ്റ്റഡ് ക്രഷുകളെ സംസ്ഥാന സർക്കാരുകൾ പൂർണ്ണമായും ഏറ്റെടുത്ത് വനിത ശിശുവികസ വകുപ്പ് മുഖേന പ്രവർത്തിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**21)**കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടത്തിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള ക്രഷ് സൗകര്യം സ്വകാര്യ മേഖലയിലും തൊഴിൽ ദായകർ ഏർപ്പെടുത്തേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വ്യവസ്ഥ നിലവിലുള്ളതും പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളിലും നിർബന്ധമാക്കണമെന്ന് തൊഴിൽ വകുപ്പിനോട് ശിപാർശ ചെയ്യുന്നു. ഇരുപതോ അതിലധികമോ വനിതാ ജീവനക്കാർ പ്രവർത്തിക്കുന്ന ഏതൊരു സംരംഭവും ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനു മുമ്പ് ECCE മാനദണ്ഡ പ്രകാരമുള്ള ക്രഷ് സൗകര്യം പ്രസ്തുത തൊഴിൽ ഇടത്തിൽ ഉണ്ടെന്ന് ഉറപ്പാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**22)**ഇരുപതിലധികം വനിതാ ജീവനക്കാരുള്ള മിക്ക സർക്കാർ ഓഫീസുകളിലും ഇത്തരം ക്രഷ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെന്നുള്ളത് സമിതിയുടെ ശ്രദ്ധയിൽ വന്ന വസ്തുതയാണ്. ഇത്തരം ഓഫീസുകളിലും ക്രഷ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**23)**പ്രീ-സ്കൂൾ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന അംഗൻവാടികളും ക്രഷുകളും വനിതാ ശിശുവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തുടരുന്നതിനും പ്രീ-പ്രൈമറി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നിലനിർത്തികൊണ്ടും Early

Childhood Care and Education സംബന്ധിച്ച് നിയമനിർമ്മാണം വനിത ശിശു വികസന വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തുന്നതിന് റൂൾസ് ഓഫ് ബിസിനസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് ബഹു. മുഖ്യമന്ത്രി മുഖാന്തിരം ഉത്തരവാകുകയും ആയതിൻ പ്രകാരം നടപടികൾ അന്തിമഘട്ടത്തിലാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ Early Childhood Care and Education സംബന്ധിച്ച നിയമനിർമ്മാണം അടിയന്തരമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ വനിതാ ശിശുവികസന വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സ്വീകരിക്കണമെന്നും സ്വകാര്യ മേഖലയിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന ക്രഷുകൾ ഉൾപ്പെടെയുള്ള പ്രീ- സ്കൂളുകളുടെ നിയന്ത്രണം വനിതാ ശിശുവികസന വകുപ്പിന് ലഭിക്കുന്ന തരത്തിലുള്ള വ്യവസ്ഥകൾ പ്രസ്തുത നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**24)**കേരളത്തിലെ നിർമ്മാണ മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും ഉള്ള അതിഥി തൊഴിലാളികൾ പകൽ സമയങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്ന സമയത്ത് അവരുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിപാലിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മൊബൈൽ ക്രഷ് പദ്ധതി കോവിഡിനോടനുബന്ധിച്ച് നിർത്തലാക്കിയിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അതിഥി തൊഴിലാളികളുടെ കുട്ടികളെ കൂടാതെ നിർമ്മാണ മേഖലയിലും മറ്റ് അസംഘടിത തൊഴിൽ മേഖലകളിലും ജോലി ചെയ്യുന്ന തദ്ദേശീയരായവരുടെ കുട്ടികളെ കൂടി ഉൾപ്പെടുത്തി പദ്ധതിയുടെ ഗുണം കൂടുതൽ പേരിലേയ്ക്ക് എത്തിക്കുന്നതിനായി എല്ലാ ജില്ലകളിലും മൊബൈൽ ക്രഷ് പദ്ധതി പുനഃരാരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**25)**കുട്ടികൾ വളരെയേറെ ചലനാത്മകത ഉള്ളവരും ചുറ്റുപാടിനെയും പ്രകൃതി പ്രതിഭാസങ്ങളെയും കൗതുകപൂർവ്വം നോക്കി കാണുന്നവരുമാണ്. ശൈശവ വിദ്യാഭ്യാസ രംഗത്ത് മാറ്റത്തിന് വഴിയൊരുക്കിയ ആദ്യകാല ദാർശനികനായ ആമോസ് കൊമനിയസിന്റെ വാക്കുകൾ വളരെ ശ്രദ്ധേയമാണ്.

> "കുട്ടികളുടെ തലയിൽ അറിവ് കുത്തി നിറയ്ക്കലല്ല മറിച്ച് അവരുടെ അറിയാനുള്ള കഴിവിനെ ലോകത്തേക്ക് തുറന്നുവെയ്ക്കലാണ് ശരിയായ വിദ്യാഭ്യാസം. അങ്ങനെ ചെയ്താൽ ഒരു മരത്തിലെ മുകുളത്തിൽ നിന്നും ഇലകളും പൂക്കളും കായ്കളും പുറപ്പെടുന്നതുപോലെ അവരിൽ നിന്നും ജീവസ്സുറ്റ ഒരു ജല പ്രവാഹം തന്നെയുണ്ടാകും. "

**26)**കേരളം പുരോഗതിയുടെ പാതയിൽ മുന്നേറുമ്പോഴും വേണ്ടത്ര അക്കാദമിക ഏകോപനമില്ലായ്മ നിലനിൽക്കുന്ന പ്രീ-സ്കൂൾ രംഗത്ത് ശിശുസൗഹൃദപരമായ ശിശു വിഹാര കേന്ദ്രങ്ങൾ സൃഷ്ടിക്കപ്പെടട്ടേ എന്ന് സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം
2026 ജനുവരി 29

യു.പ്രതിഭ,
ചെയർപേഴ്സൺ,
സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി.